കോ-ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 2/2025

10.02.2025

# പ്രൗഢഗംഭീരമായ AIRRBEA 15-ാമത് സമ്മേളനം ബെല്ലാരിയിൽ സമാപിച്ചു.




ആൾ ഇന്ത്യ റീജിയണൽ റൂറൽ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ (AIRRBEA) 15-ാമത് അഖിലേന്ത്യാ സമ്മേളനം കർണാടകയിലെ ബെല്ലാരിയിൽ സമാപിച്ചു. സുപ്രീം കോടതി റിട്ടയേർഡ് ജഡ്ജ് ശ്രീ ഗോപാൽ ഗൗഡ സമ്മേളനം ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ വർദ്ധിച്ചു വരുന്ന പട്ടിണിയും തൊഴിലില്ലായ്മയും തുടച്ചു നീക്കാൻ തൊഴിലാളികളുടെ യോജിച്ച പോരാട്ടം അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ജാതിയുടെയും മതത്തിന്റെയും പേരിൽ നടക്കുന്ന വർഗീയകലാപങ്ങൾ രാജ്യത്തിന്റെ മെച്ചപ്പെട്ട മുന്നോട്ട് പോക്കിന് വിലങ്ങുതടിയാണെന്നും സമൂഹത്തെ നവീകരിക്കാൻ അഭ്യസ്തവിദ്യരായ ബാങ്ക് ജീവനക്കാരുൾപ്പെടെയുള്ളവർ മുന്നോട്ട് വരണമെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പരാമർശിച്ചു. സ്ഥിരം ഒഴിവുകളിൽ താൽകാലിക തൊഴിലാളികളെ നിയമിക്കുന്നതിനായി കേന്ദ്രസർക്കാർ നയങ്ങൾ രൂപീകരിക്കുന്നു. അത് ഭരണഘടനക്ക് വിരുദ്ധമാണ്. അങ്ങനെ ഭരണഘടനയും ജനാധിപത്യവും വലിയ വെല്ലുവിളി നേരിടുന്നു. തൊഴിലാളി വർഗ്ഗമാണ് ജനാധിപത്യം സംരക്ഷിക്കുന്നതിന്റെ മുന്നണി പോരാളികൾ എന്ന ലെനിന്റെ വിഖ്യാതമായ നിരീക്ഷണം പ്രതിനിധികളെ ഇത്തരുണത്തിൽ ജസ്റ്റീസ് ഗോപാൽ ഗൗഡ ഓർമ്മപ്പെടുത്തി. മുദ്രാവാക്യ മുഖരിതമായ അന്തരീക്ഷത്തിൽ അഖിലേന്ത്യാ പ്രസിഡണ്ട് സഖാവ് സി രാജീവൻ പതാക ഉയർത്തിയതോട് കൂടിയാണ് സമ്മേളനത്തിന് ആരംഭം കുറിച്ചത്. നാൽപ്പത്തിമൂന്ന് ഗ്രാമീണ ബാങ്കുകളിൽ നിന്നുമായി ആയിരത്തിലധികം പ്രതിനിധി സഖാക്കൾ സമ്മേളനത്തിൽ പങ്കെടുത്തു. ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വച്ച സഖാവ് ദിലീപ് കുമാർ മുഖർജിയുടെ സ്മരണ ആർത്തിരമ്പിയ സമ്മേളന നഗരിയിലെ ഉദ്ഘാടന സമ്മേളനത്തിൽ കനറാ ബാങ്ക് ചീഫ് ജനറൽ മാനേജർ ഡി സുരേന്ദ്രൻ, ആൾ ഇന്ത്യ ഇൻഷുറൻസ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീകാന്ത് മിശ്ര എന്നിവർ സംസാരിച്ചു. അഖിലേന്ത്യാ പ്രസിഡണ്ട് സി രാജീവൻ അധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ചെയർമാൻ സഖാവ് കൊടെശ്വര റാവു സ്വാഗതവും സെക്രട്ടറി ജനറൽ സഖാവ് വെങ്കടേശ്വർ റെഡ്ഢി നന്ദിയും പറഞ്ഞു.

RRB രൂപീകരണത്തിന്റെ അൻപതാം വാർഷികം പ്രമാണിച്ച് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് പുറത്തിറക്കിയ സ്പെഷ്യൽ പോസ്റ്റൽ കവർ സമ്മേളന വേദിയിൽ പ്രകാശിപ്പിച്ചു. അഭിമാനകരമായ ഈ പരിപാടി ബെല്ലാരി ഡിവിഷൻ പോസ്റ്റൽ വിഭാഗം തലവൻ പി ചിദാനന്ദ AIRRBEA അഖിലേന്ത്യാ പ്രസിഡണ്ട് സി രാജീവന് കൈമാറിയാണ് ഉദ്ഘാടനം നിർവഹിച്ചത്. ഗ്രാമീണ ബാങ്ക് ജീവനക്കാരിൽ എഴുപത് ശതമാനത്തിലധികം പേരെ പ്രതിനിധീകരിക്കുന്ന AIRRBEA സംഘടനയുടെ ഔദ്യോഗിക വേദിയിൽ പോസ്റ്റൽ വകുപ്പ് പുറത്തിറക്കുന്ന സ്പെഷ്യൽ കവർ പ്രകാശിപ്പിച്ചത് നമുക്ക് ലഭിക്കുന്ന അംഗീകാരം കൂടിയാണ്.




തുടർന്ന് നടന്ന വനിതാ സമ്മേളനം അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ ജനറൽ സെക്രട്ടറി സഖാവ് മറിയം ധാവളെ ഉദ്ഘാടനം ചെയ്തു. തൊഴിലിടങ്ങളിൽ വർദ്ധിച്ചു വരുന്ന അസമത്വവും പീഡനങ്ങളും ഏറ്റുവാങ്ങേണ്ടി വരുന്നത് കൂടുതലും വനിതകളാണെന്നും പൊതുസമൂഹത്തിലും സ്ഥിതി വ്യത്യസ്തമല്ല എന്നും അവർ പറഞ്ഞു. ആരാധനാലയങ്ങളിൽ പോലും സ്ത്രീകളും കുട്ടികളും പീഡിപ്പിക്കപ്പെടുന്നു എന്ന വാർത്ത മനുഷ്യമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണെന്നും ജാതിമത ഭേദമന്യേ അത്തരം ഘാതകർക്കെതിരെ സംഘടിതമായ പ്രതിരോധം തീർക്കേണ്ടതിന്റെ അനിവാര്യതയെപ്പറ്റിയും ഉദ്ഘാടന പ്രസംഗത്തിൽ സഖാവ് കൂട്ടിച്ചേർത്തു. അഖിലേന്ത്യാ വനിതാ സബ് കമ്മിറ്റി കൺവീനർ സഖാവ് എൻ. മീന റിപ്പോർട്ട് അവതരിപ്പിച്ചു. ചെയർ പേഴ്സൺ സഖാവ് എൽ പച്ചാവോ അധ്യക്ഷത വഹിച്ചു. വിവിധ മേഖലകളിൽ നിന്നായി പതിനഞ്ച് സഖാക്കൾ ചർച്ചയിൽ പങ്കെടുത്തു. നമ്മുടെ യൂണിറ്റിനെ പ്രതിനിധീകരിച്ച് സഖാവ് കൃഷ്ണപ്രിയ എ എസ് ചർച്ചയിൽ പങ്കെടുത്തു.

തുടർന്ന് നടന്ന AIRRBEA പ്രതിനിധി സമ്മേളനത്തിൽ സെക്രട്ടറി ജനറൽ സഖാവ് വെങ്കടേശ്വർ റെഡ്ഢി അവതരിപ്പിച്ച സംഘടനാ റിപ്പോർട്ടിന്മേലും ട്രഷറർ സഖാവ് ഡി സാമുവൽ അവതരിപ്പിച്ച വരവ്

kartine29.deviantart



ചെലവ് കണക്കിന്മേലും ചർച്ച ആരംഭിച്ചു. മുഴുവൻ സംസ്ഥാനങ്ങളിൽ നിന്നുമായി 54 പേർ ചർച്ചയിൽ പങ്കെടുത്തു. നമ്മുടെ യൂണിറ്റിൽ നിന്ന് സഖാക്കൾ സി പി ഭാനുപ്രകാശ്, രമ്യ രാജ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ശേഷം സെക്രട്ടറി ജനറൽ മറുപടി പറഞ്ഞു.

പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിച്ച് പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണം എന്ന് സമ്മേളനം യൂണിയൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. NRBI രൂപീകരിക്കുക, മുഴുവൻ വേക്കൻസികളിലും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് നിയമപരമായി അനുവദിക്കപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും ഉടൻ നൽകുക, താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, യൂണിയൻ ഗവൺമെന്റിന്റെ തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവുമായ നയങ്ങൾ ഉപേക്ഷിക്കുക, ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെ നടപടി സ്വീകരിക്കുക, വനിതാ ശാക്തീകരണത്തിനായി നയം രൂപീകരിക്കുക എന്നീ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. സഖാക്കൾ സി രാജീവൻ, പ്രശാന്ത് ചൗധരി, സഗുൺ ശുക്ല, മഹേന്ദ്ര സിംഗ് എന്നിവരടങ്ങിയ പ്രസീഡിയം സമ്മേളന നടപടികൾ നിയന്ത്രിച്ചു. തുടർന്ന് അഖിലേന്ത്യാ പ്രസിഡണ്ട് ആയി സഖാവ് സി രാജീവനെയും സെക്രട്ടറി ജനറൽ ആയി സഖാവ് എസ് വെങ്കടേശ്വർ റെഡ്ഢിയെയും ട്രഷറർ ആയി സഖാവ് ഡി സാമുവലിനെയും വനിതാ സബ് കമ്മിറ്റി കൺവീനർ ആയി സഖാവ് എൻ മീനയെയും സമ്മേളനം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. NFRRBE പ്രസിഡണ്ട് ആയി സഖാവ് വൈ അശ്വത് (തമിഴ്നാട്), ജനറൽ സെക്രട്ടറി ആയി സഖാവ് സമീറാൻ മേധി (ആസ്സാം), NFRRBO പ്രസിഡണ്ട് ആയി സഖാവ് ചെയിൻ സിംഗ് റാവത് (ഉത്തർപ്രദേശ്), ജനറൽ സെക്രട്ടറി ആയി സഖാവ് കീർത്തിരാജ് ഹിഡ്കൽ (കർണാടക) എന്നിവരെയും തെരഞ്ഞെടുത്തു. നമ്മുടെ യൂണിറ്റിൽ നിന്നും ഭാരവാഹികളായി സഖാക്കൾ ബിഗേഷ് ഉണ്ണിയൻ (ജോയിന്റ് സെക്രട്ടറി), സി മിഥുൻ (വൈസ് പ്രസിഡണ്ട്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സഖാക്കൾ പി രാജേഷ്, അനൂപ് ടി ജി, സി പി ഭാനുപ്രകാശ് എന്നിവർ കേന്ദ്ര കമ്മിറ്റി അംഗങ്ങളാണ്.







ഗ്രാമീണ ബാങ്കുകളെ സംബന്ധിച്ച് കനൽ മീഡിയ തയ്യാറാക്കിയ ഡോക്യുമെന്ററി പ്രദർശനവും സമ്മേളന വേദിയിൽ നടന്നു.



മാർച്ച് 24, 25 തിയ്യതികളിൽ ബാങ്ക് ജീവനക്കാരെ ബാധിക്കുന്ന വിവിധ വിഷയങ്ങൾ ഉയർത്തി ജീനക്കാരുടെ ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ അഖിലേന്ത്യാ ബാങ്ക് പണിമുടക്കം പ്രഖ്യാപിച്ചിരിക്കുകയാണ്. ആ പണിമുടക്കിൽ ഗ്രാമീണ ബാങ്ക് ജീവനക്കാരെ ബാധിക്കുന്ന വിവിധ വിഷയങ്ങൾ ഉയർത്തി AIRRBEA അണിചേരണം എന്നും സമ്മേളനം തീരുമാനിച്ചു.





സഖാക്കളെ, വരാനിരിക്കുന്ന നാളുകൾ പോരാട്ടത്തിന്റേതാണ്. സ്വകാര്യവൽക്കരണത്തിൽ നിന്നും ബാങ്കുകളെ സംരക്ഷിക്കുന്നതിനും ജീവനക്കാരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുമുള്ള ആ പോരാട്ടത്തിൽ അഭിമാനത്തോടെ നമുക്ക് അണിചേരാം.

അഭിവാദനങ്ങളോടെ

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673